## 743

1 ആശ്വാസഗാനങ്ങൾ പാടിടും ഞാൻ ആത്മാവിൽ പാടി ആർത്തിടും ഞാൻ
അത്ഭുത രക്ഷകനേശുവിന്നായ് ഉത്തമഗീതങ്ങൾ പാടിടും ഞാൻ

പാടും ഞാനേശുവിന്നായ്-എന്നും
പാടും ഞാനേശുവിന്നായ്
പാടുമെൻ പാപം പരിഹരിച്ച പ്രാണേശനേശുവിന്നായ്

2 സങ്കടത്താലുള്ളം നീറിടുമ്പോൾ ചാരുവാനേശു നാഥനുണ്ട്
തൻകരം കണ്ണീർ തുടച്ചു എന്നെ തൻചിറകടിയിൽ കാത്തിടുമേ-

3 കാർമേഘത്താൽ വാനം മൂടിയാലും കൂരിരുളെങ്ങും വ്യാപിച്ചാലും
നീതിയിൻ സൂര്യനാം യേശു തന്റെ കാന്തിയിലെന്നെ നടത്തിടുമേ-

4 വിശ്വാസത്താലോട്ടം തികയ്ക്കും ഞാൻ വിശ്വാസം കാത്തു നിന്നിടും ഞാൻ
വിശ്വാസനാഥനെ നോക്കിടും ഞാൻ വിശ്രമദേശത്തിലെത്തുവോളം- **G.P.**